# കേരള സർക്കാർ

## പട്ടികജാതി വികസന വകുപ്പ്

## വ്യാവസായിക പരിശീലന പദ്ധതി

(എൻ.സി.വി.ടി. പാഠ്യ പദ്ധതി അനുസരിച്ചുള്ളഐ.ടി.ഐ. കോഴ്സുകൾ)

# പ്രോസ്പെക്ടസ്—2020

1. ലക്ഷ്യം:—പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സാങ്കേതികവും തൊഴിലധിഷ്ഠിതവുമായ പരിശീലനം നൽകുകയും അവരെ വ്യാവസായിക രംഗത്ത് തൊഴിൽ നേടുവാനും സ്വയം തൊഴിൽ കണ്ടെത്തുവാനും പ്രാപ്തരാക്കുകയുമാണ് ഈ കോഴ്സുകൾ കൊണ്ട് ഉദ്ദേശിക്കുന്നത്. പ്രായോഗിക പരിശീലനത്തിന് പ്രാധാന്യം നൽകിക്കൊണ്ട്വിവിധ മെട്രിക്/നോൺ മെട്രിക് ട്രേഡുകളിൽ പരിജ്ഞാനം നൽകുന്നതാണ്. പരിശീലന കാലാവധി ഓരോ ട്രേഡിനേയും ആസ്പദമാക്കി ഒരു വർഷമോ രണ്ട് വർഷമോ ആറ് മാസമോ ആയി നിജപ്പെടുത്തിയിട്ടുണ്ട്.

2. പ്രവേശനം:—80% സീറ്റുകളിലും പട്ടികജാതി വിഭാഗത്തിൽ നിന്നുള്ളവിദ്യാർത്ഥികൾക്കാണ് പ്രവേശനം നൽകുന്നത്. ആകെ സീറ്റുകളിൽ 10% പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കും 10% പട്ടികജാതി–പട്ടികവർഗ്ഗം ഒഴിച്ചുള്ള വിഭാഗത്തിൽപ്പെട്ട അപേക്ഷകർക്കുമായി സംവരണം ചെയ്തിരിക്കുന്നു. ഏതെങ്കിലും വിഭാഗത്തിൽ മതിയായ അപേക്ഷകൾ ലഭ്യമല്ലെങ്കിൽ പ്രസ്തുത ഒഴിവ് പട്ടികജാതി, പട്ടികവർഗ്ഗം എന്ന ക്രമത്തിൽ നികത്തുന്നതാണ്.

3. വിദ്യാഭ്യാസ യോഗ്യതയും തെരഞ്ഞെടുപ്പും:—എസ്.എസ്.എൽ.സി. ജയിച്ചവർക്കും തോറ്റവർക്കും എട്ടാം ക്ലാസ് ജയിച്ചവർക്കും തത്തുല്യ യോഗ്യതയുള്ളവർക്കും തെരഞ്ഞെടുക്കാവുന്ന ട്രേഡുകളാണ് നിലവിലുള്ളത്. ഇതിൽ രണ്ട് വർഷ കോഴ്സുകളും ഒരു വർഷ കോഴ്സുകളും ഒരു ആറു മാസ കോഴ്സും ഉൾപ്പെടും. ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ, ഇലക്ട്രോണിക്സ് മെക്കാനിക്, സർവ്വേയർ, പെയിന്റർ (ജനറൽ) എന്നിവ രണ്ടു വർഷ കോഴ്സുകളും കാർപെന്റർ, പ്ലംബർ, വെൽഡർ, സ്വീവിംഗ് ടെക്നോളജി എന്നിവ ഒരു വർഷ കോഴ്സുകളും ഡ്രൈവർ കം

മെക്കാനിക് (LMV) ആറ് മാസ കോഴ്സുമാണ്.എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് ഇംഗ്ലീഷ്,കണക്ക്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. ഉയർന്ന വിദ്യാഭ്യാസയോഗ്യതയ്ക്ക് ഗ്രേസ് മാർക്ക് നൽകുന്നതാണ്. മെട്രിക് ട്രേഡുകൾക്ക് അപേക്ഷിക്കുന്നതിനുള്ള മിനിമം യോഗ്യത എസ്.എസ്.എൽ.സി.യാണ്. നോൺ മെട്രിക് ട്രേഡുകൾക്ക് മാത്രമേ എസ്.എസ്.എൽ.സി. തോറ്റവരെ പരിഗണിക്കുകയുള്ളു. പ്രൈവറ്റായി എസ്.എസ്.എൽ.സി. എഴുതി തോറ്റവർക്ക് പ്രവേശനത്തിന് അർഹതയില്ല.

4. <u>പ്രവർത്തനസമയം</u>:—രാവിലെ 7.50 മണിമുതൽ വൈകുന്നേരം 3 മണിവരെയും 10 മണിമുതൽ 5.10 മണിവരെയും ഉള്ള രണ്ട് ഷിഫ്റ്റുകളായിട്ടാണ് ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നത്.എല്ലാ ഐ.ടി.ഐ.-കൾക്കും ട്രെയിനിംഗ് ഡയറക്ടർ/ഗവൺമെന്റ് പൊതു ഒഴിവ് നൽകുന്നത് ഒഴിച്ചുള്ള ദിവസങ്ങൾപ്രവർത്തി ദിനങ്ങളാണ്. ഐ.ടി.ഐ.കൾ വെക്കേഷൻ അവധി ഇല്ലാത്ത സ്ഥാപനങ്ങളുമാണ്.

5. <u>ആനുകൂല്യങ്ങൾ:</u>—പരിശീലനം പൂർണ്ണമായും സൗജന്യമാണ്. പരിശീലനത്തിന് തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥി/വിദ്യാർത്ഥിനികൾക്ക് ഉച്ചഭക്ഷണം, പോഷകാഹാര പദ്ധതി എന്നിവ നിലവിലുണ്ട്. കൂടാതെ 900 രൂപ വർക്ക്ഷോപ്പ് ഡ്രസ്സിനും തയ്യൽക്കൂലിക്കുമായി നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഒന്നാം വർഷം 1000/- രൂപയും രണ്ടാം വർഷം 800/- രൂപയും ലംപ്സം ഗ്രാന്റും കൂടാതെ പ്രതിമാസം 800/- രൂപ വീതം സ്റ്റൈപ്പന്റും നൽകുന്നതാണ്. കോഴ്സിനോട് അനുബന്ധിച്ച് നടത്തുന്ന സ്റ്റഡിടൂറിന് 3,000/- രൂപ സ്റ്റഡി ടൂർ അലവൻസുംനൽകുന്നു.
പരിശീലനാർത്ഥികൾ നിർബന്ധമായും പരിശീലന സമയത്ത് യൂണിഫോം ധരിച്ചിരിക്കേണ്ടതാണ്.

6. <u>നിർബന്ധിത ഹാജർ:</u>—പരീക്ഷയ്ക്ക് പങ്കെടുക്കുന്നതിന് പരിശീലനാർത്ഥികൾക്ക് നിർബന്ധമായും ഏറ്റവും കുറഞ്ഞത് 80% ഹാജർ ഉണ്ടായിരിക്കണം. പരിശീലനാർത്ഥി മുന്നറിയിപ്പില്ലാതെ പത്ത് സാദ്ധ്യായ ദിവസങ്ങളിൽ തുടർച്ചയായി ഹാജരാകാതിരുന്നാൽ അവരെ വിടുതൽ ചെയ്യുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ മെഡിക്കൽ ലീവ് നിബന്ധന കൾക്ക് വിധേയമായി പരിഗണിക്കുന്നതാണ്.

7. പരീക്ഷാ സർട്ടിഫിക്കറ്റ്:—80%–ത്തിൽ കുറയാതെ ഹാജരോടുകൂടി പരിശീലനം പൂർത്തിയാക്കുന്നവർക്ക് അഖിലേന്ത്യാ പരീക്ഷയിൽ പങ്കെടുക്കുന്നതിനുള്ള അർഹത നിശ്ചയിക്കുന്നതും പരീക്ഷ വിജയിക്കു ന്നവർക്ക് പ്രൊവിഷണൽ ഉൾപ്പെടെയുള്ള സർട്ടിഫിക്കറ്റ് ലഭിക്കുന്നതും ഡി.ജി.റ്റി.–യുടെ നിബന്ധനകൾക്ക് വിധേയമായിട്ടായിരിക്കും.

8. വയസ്:—പ്രവേശനം നേടുന്നതിന് 30–09–2020–ന് ഡി.സി.എം.കോഴ്സിന് 18 വയസ്സും മറ്റ് കോഴ്സുകൾക്ക് 14 വയസ്സും തികഞ്ഞിരിക്കേണ്ടതാണ്. ശാരീരിക യോഗ്യത ഉണ്ടായിരിക്കേണ്ടതാണ്.

9. അപേക്ഷ സമർപ്പിക്കേണ്ട രീതി:— www.scdd.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷഫോമുകൾ ഡൗൺലോഡു ചെയ്ത് പൂരിപ്പിച്ചശേഷം അപേക്ഷഫോറവും, എസ്.എസ്.എൽ.സി ബുക്കിന്റെ സ്കാൻ ചെയ്ത പകർപ്പും സഹിതം www.scdd.kerala.gov.in എന്ന വെബ്സൈറ്റിൽ ITI admission 2020 എന്ന ലിങ്കിലൂടെ ബന്ധപ്പെട്ട ഐ.ടി.ഐ.–യിലേക്ക് ഓൺലൈനായി നിശ്ചിത തീയതിക്ക് വൈകുന്നേരം 5 മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാ ണ്. ഗ്രേസ് മാർക്കിനായുള്ള അധിക യോഗ്യതയായ പ്ലസ്ടു, ബിരുദം എന്നീ യോഗ്യതയുള്ളവർ അവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ കൂടെ സ്കാൻ ചെയ്ത് ഉള്ളടക്കം ചെയ്യേണ്ട താണ്. മെട്രിക് ട്രേ ഡുകൾക്കും നോൺ മെട്രിക് ട്രേഡുകൾക്കുംപ്രത്യേകം ഫാറത്തിലാണ് അപേക്ഷ നൽകേണ്ടത്. നിശ്ചിത ഫോറത്തിലല്ലാത്ത അപേക്ഷകൾ സ്വീകാര്യമല്ല. ഐ.ടി.ഐ.–കളും അവയിൽ പരിശീലനം നൽകുന്ന ട്രേഡു കളും സംബന്ധിച്ച വിവരം പ്രോസ്പെക്ടസിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്. ഭരണ സൗകര്യം മുൻനിർത്തി ഇവയിൽ മാറ്റം വരുത്തുന്നതിനുള്ള അധികാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.

10. <u>അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ:</u>

(1) പരിശീലനത്തിന് തെരഞ്ഞെടുക്കുന്ന അപേക്ഷകർ പ്രവേശന സമയത്ത് അവസാനം പഠിച്ചിരുന്ന സ്ഥാപനത്തിൽ നിന്നുള്ള ടി. സി.–യും ജനനത്തീയതി, വിദ്യാഭ്യാസയോഗ്യതയും തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റും ആധാർ കാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.

(2) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർആയതിലേക്കുള്ള അസ്സൽസർട്ടിഫിക്കറ്റ് പ്രവേശന സമയത്ത് ഹാജരാക്കേണ്ടതാണ്.

(3) പൂർണ്ണമായ രീതിയിൽ പൂരിപ്പിക്കാത്തതും അപേക്ഷകന്റെ കയ്യൊപ്പ് ഇല്ലാത്തതുമായ അപേക്ഷകൾ സ്വീകാര്യമല്ല.

(4) ഒരു വിദ്യാർത്ഥിയ്ക്ക് വിവിധ ഐ.റ്റി.ഐ കളിൽ/വിവിധ ട്രേഡുകളിലേയ്ക്കായി അപേക്ഷിയ്ക്കാവുന്ന അപേക്ഷകളുടെ എണ്ണം 10 ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

(5) തെരഞ്ഞെടുക്കപ്പെടുന്നവർ ആ സ്ഥാപനത്തിലെ നിലവിലുള്ള ചട്ടങ്ങൾക്ക് വിധേയമായിരിക്കേണ്ടതും അച്ചടക്കം പാലിക്കേണ്ടതും പരിശീലന ഉപകരണങ്ങൾക്ക് നാശനഷ്ടങ്ങൾ വരുത്താതെ സൂക്ഷിക്കേണ്ടതുമാണ്. പരിശീലനം പൂർത്തിയാക്കുന്നതിനു മുൻപ് പിരിഞ്ഞുപോകാൻ പാടില്ലാത്തതുംസർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിക്കുവാൻ ബാദ്ധ്യസ്ഥരുമാണ്. പരിശീലനാർത്ഥികളുടെ നടപടി കൾമൂലം സ്ഥാപനത്തിന് എന്തെങ്കിലും കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നുവെങ്കിൽ ആയത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട പരിശീല നാർത്ഥികൾക്ക് ബാദ്ധ്യതയുണ്ടായിരിക്കും. ഇതിനുമുൻപ് എപ്പോഴെങ്കിലും ഏതെങ്കിലും പട്ടികജാതി വികസന വകുപ്പ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ്

സെന്ററുകളിലോ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലോ പഠിച്ച് പരീക്ഷ എഴുതിയിട്ടുണ്ടെങ്കിൽ വീണ്ടും പ്രവേശനത്തിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(6) **എം.ആർ.ഐ.റ്റി.ഐ കൾ ഹോസ്റ്റൽ (ആൺ) സൗകര്യമുള്ള ഐ.റ്റി.ഐ കളാണ് ഓരോ എം.ആർ.ഐ.റ്റി.ഐ കളിൽ പ്രവേശനം ലഭിക്കുന്നതിൽഅർഹതയുള്ളവർക്ക് ഹോസ്റ്റലിലെ സീറ്റിലെ ലഭ്യതയനുസരിച്ച് മാനദണ്ഡങ്ങൾക്ക് വിധേയമായി ഹോസ്റ്റൽ പ്രവേശനം ലഭിക്കുന്നതായിരിക്കും. എം.ആർ.ഐ.റ്റി.ഐ യിൽ പ്രവേശനം ലഭിക്കുന്നവർ ഇതിനായി പ്രത്യേകം അപേക്ഷ സ്ഥാപന മേധാവിക്ക് നൽകേണ്ടതാണ്.

(7) തെരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരും രക്ഷിതാക്കളും സർക്കാർ നിർദ്ദേശിക്കുന്ന മാതൃകയിലുള്ള ഒരു സമ്മതപത്രം ഒപ്പിട്ട് നൽകേണ്ടതാണ്.

(8)ഈ വകുപ്പിന്റെ കീഴിൽനിന്നും ഐ.ടി.ഐ. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്ന പട്ടികജാതിക്കാർക്ക് വകുപ്പ് നടപ്പിലാക്കി വരുന്നട്രെയിനിംഗ്–കം–എംപ്ലോയ്മെന്റ് സ്കീം/അഡീഷണൽ അപ്രന്റീസ്ഷിപ്പ് സ്കീം എന്നിവയിലുൾപ്പെടുത്തി സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ട്രെയിനിംഗ് നൽകിവരുന്നു.

(9) കൂടുതൽവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ്:

| *ഡയറക്ടറേറ്റ്* | | *ഫോൺ* |
|---|---|---|
| പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ | : | 0471- 2737240 |
| ജോയിന്റ്ഡയറക്ടർ (വിദ്യാഭ്യാസം) | : | 0471- 2737276 |

| | | |
|---|---|---|
| ട്രെയിനിംഗ് ഓഫീസർ | : | 0471-2737263 |
| ടെക്നിക്കൽ സെക്ഷൻ സൂപ്രണ്ട് | : | 0471-2737256 |
| ദക്ഷിണമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, തിരുവനന്തപുരം | : | 0471-2316680 |
| ഉത്തരമേഖല ട്രെയിനിംഗ് ഇൻസ്പെക്ടർ ഓഫീസ്, കോഴിക്കോട് | : | 0495-2371451 |
| Website | : | www.scdd.kerala.gov.in |

## അനുബന്ധം

# പട്ടികജാതി വികസന വകുപ്പിന് കീഴിൽ *എൻ.സി.വി.ടി.പാഠ്യ പദ്ധതി അനുസരിച്ച്പരിശീലനം നൽകുന്നഐ.ടി.ഐ. കൾ/ **എം.ആർ.ഐ.റ്റി.ഐ.–കളും ട്രേഡുകളും

| ക്രമ നം. | ഐ. ടി .ഐ/ **എം.ആർ.ഐ.റ്റി.ഐ യുടെ പേരും വിലാസവും | മെട്രിക് ട്രേഡ് | നോൺ മെട്രിക് ട്രേഡ് |
|---|---|---|---|
| 1 | 2 | 3 | 4 |
| തിരുവനന്തപുരം ജില്ല | | | |
| 1. | കാഞ്ഞിരംകുളം<br>പുല്ലുവിള. പി.ഒ.<br>നെയ്യാറ്റിൻകര,<br>0471 – 2265365<br>www.itikanjiramkulam.kerala.gov.in<br>**scdditikanjiramkulam@gmail. com** | | പ്ലംബർ |
| 2. | മരിയാപുരം**<br>മരിയാപുരം. പി. ഒ.<br>നെയ്യാറ്റിൻകര<br>0471 2234230<br>www.itimariyapuram.kerala.gov.in<br>**itimrpuram@ gmail.com** | 1. എം.എം.വി<br>2. സർവ്വേയർ | കാർപെന്റർ |
| 3. | കടകംപള്ളി<br>മെഡിക്കൽ<br>കോളേജ്. പി.ഒ.<br>തിരുവനന്തപുരം,<br>0471 – 2552963<br>www.itikadakampally.kerala.gov.in<br>**scdditikadakampally@gmail. com** | – | പ്ലംബർ |

| | | | |
|---|---|---|---|
| 4. | അഞ്ചാമട<br>കാഞ്ഞിരംപാറ.<br>പി. ഒ.<br>തിരുവനന്തപുരം<br>0471 – 2364924<br>www.itianchamada.kerala.gov.in<br>**scdditcanchamada@yahoo.in** | 1. ഇലക്ട്രീഷ്യൻ<br>2. ഇലക്ട്രോണിക് മെക്കാനിക് | |
| 5. | ആറ്റിപ്ര,മൺവിള<br>കുളത്തൂർ. പി. ഒ.<br>തിരുവനന്തപുരം,<br>0471 – 2590187<br>www.itiattipra.kerala.gov.in<br>**attipraitc@gmail.com** | സർവ്വെയർ | |
| 6. | പേരുമല,<br>നെടുമങ്ങാട്. പി. ഒ.<br>തിരുവനന്തപുരം<br>0472 – 2804772<br>www.itiperumala.kerala.gov.in<br>**itcperumala@ gmail.com** | - | പ്ലംബർ |
| 7. | വർക്കല<br>മുട്ടപ്പാലം. പി. ഒ.<br>വർക്കല,<br>0470 – 2611155<br>www.itivarkala.kerala.gov.in<br>**itcvarkala@ gmail.com** | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | പ്ലംബർ |
| 8. | ഇടയ്ക്കോട്<br>കോരാണി,കുറക്കട പി. ഒ,<br>ആറ്റിങ്ങൽ,<br>തിരുവനന്തപുരം<br>0470 – 2620233<br>www.itiedacodu.kerala.gov.in<br>**edacodu.gitc@ gmail.com** | | പെയിന്റർ (ജനറൽ) |
| 9. | ശിങ്കാരത്തോപ്പ്<br>മണക്കാട്<br>തിരുവനന്തപുരം<br>0471 – 2457539<br>www.itisingarathopu.kerala.gov.in<br>**singarathoppuitc@gmail.com** | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | |
| കൊല്ലം ജില്ല | | | |

| | | | |
|---|---|---|---|
| 10 | ഓച്ചിറ**<br>ഓച്ചിറ. പി. ഒ., കൊല്ലം<br>0476 – 2691222<br>www.itioachira.kerala.gov.in<br>**govtitc.oachira@gmail.com** | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | പ്ലംബർ |
| 11 | കുളക്കട<br>കുളക്കട. പി. ഒ.<br>കൊല്ലം<br>0474 – 2617830<br>www.itikulakkada.kerala.gov.in<br>**itckulakkada1@ yahoo.in** | 1. ഇലക്ട്രീഷ്യൻ<br>2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | |
| 12 | വെട്ടിക്കവല<br>വെട്ടിക്കവല. പി. ഒ.<br>കൊട്ടാരക്കര<br>0474 – 2404336<br>www.itivettikavala.kerala.gov.in<br>**itcvettikkavala@gmail.com** | – | കാർപെന്റർ |

## പത്തനംതിട്ട ജില്ല

| | | | |
|---|---|---|---|
| 13 | ഐക്കാട്**<br>കൊടുമൺ. പി. ഒ.<br>പത്തനംതിട്ട<br>0473 – 4280771<br>www.itiaycadu.kerala.gov.in<br>**aycaduitc@gmail.com** | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ<br>2.ഇലക്ട്രീഷ്യൻ | |
| 14 | പന്തളം**<br>മുടിയൂർകോണം പി.ഒ, ചേരിക്കൽ<br>പത്തനംതിട്ട<br>0473 – 4252243<br>www.itipandalam.kerala.gov.in<br>**itipandalam@ gmail.com** | 1.മെക്കാനിക്ക് മോട്ടോർ വെക്കിഹിൾ<br>2.ഇലക്ട്രീഷ്യൻ | **പ്ലംബർ** |

## ആലപ്പുഴ ജില്ല

| | | | |
|---|---|---|---|
| 15 | മാവേലിക്കര<br>മാവേലിക്കര. പി. ഒ.<br>ഉമ്പർനാട്<br>ആലപ്പുഴ,<br>0479 –2341485<br>www.itimavelikara.kerala.gov.in<br>**mavelikaraitc@gmail.com** | ഇലക്ട്രോണിക് മെക്കാനിക് | **കാർപെന്റർ** |

| | | | |
|---|---|---|---|
| 16 | ഹരിപ്പാട്<br>ഹരിപ്പാട്. പി. ഒ.<br>ആലപ്പുഴ<br>0479 – 2417703<br>www.itiharipad.kerala.gov.in<br>**haripaditc@gmail.com** | സർവ്വേയർ | |
| കോട്ടയം ജില്ല | | | |
| 17 | നെടുംകാവു വയൽ<br>കനകപ്പലം. പി. ഒ.<br>എരുമേലി, കോട്ടയം<br>0482 –8212844<br>www.itinedumkavuvayal.kerala.gov.in<br>**scdditcnedumkavuvayal@gmail.com** | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | |
| 18 | എസ്. പി. കോളനി, **<br>സചിവോത്തമപുരം. പി.ഒ.<br>കോട്ടയം<br>0481 – 2435272<br>www.itikurichi.kerala.gov.in<br>**itikurichy@gmail.com** | ഇലക്ട്രീഷ്യൻ | |
| 19 | മാടപ്പള്ളി<br>മാടപ്പള്ളി. പി. ഒ.<br>കോട്ടയം<br>0481 – 2473190<br>www.itimadapally.kerala.gov.in<br>**tscdditcmpply@yahoo.in** | - | കാർപെന്റർ |
| 20 | മധുരവേലി<br>ആയാംകുടി. പി. ഒ.<br>കോട്ടയം<br>0482 – 9288676<br>www.itimadhuraveli.kerala.gov.in<br>**itimadhuravely@gmail.com** | - | കാർപെന്റർ |
| എറണാകുളം ജില്ല | | | |
| 21 | ഇടപ്പള്ളി<br>പാലാരിവട്ടം. പി. ഒ.<br>എറണാകുളം<br>0484 – 2335377<br>www.itiedapally.kerala.gov.in<br>**scdditiedappally@gmail.com** | മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ | വെൽഡർ |

| തൃശ്ശൂർ ജില്ല | | | |
|---|---|---|---|
| 22 | മായന്നൂർ<br>വടക്കാഞ്ചേരി, തൃശ്ശൂർ<br>0488 – 4285925<br>**www.itimayannur.kerala.gov.in**<br>**itimynr@gmail.com** | – | സ്വീവിംഗ് ടെക്നോളജി |
| 23 | എങ്കക്കാട്**<br>എങ്കക്കാട്. പി. ഒ.<br>തൃശ്ശൂർ<br>0488 – 4234073<br>**www.itienkakkad.kerala.gov.in**<br>**scdditcenkakad@gmail.com** | സർവ്വേയർ | |
| 24 | പുല്ലൂറ്റ്<br>പുല്ലൂറ്റ്. പി. ഒ.<br>തൃശ്ശൂർ<br>0480 – 2805620<br>**www.itipulloot.kerala.gov.in**<br>**itipullut@gmail.com** | – | കാർപെന്റർ |
| 25 | ഇടത്തുരുത്തി<br>ചുല്ലൂർ. പി. ഒ.<br>തൃശ്ശൂർ<br>0480 – 2870252<br>**www.itiedathuruthy.kerala.gov.in**<br>**scddedathiruthy.itc@gmail.com** | ഇലക്ട്രീഷ്യൻ | |
| 26 | നടത്തറ<br>നടത്തറ. പി. ഒ.<br>തൃശ്ശൂർ<br>0487 – 2370948<br>**www.itinadathara.kerala.gov.in**<br>**itcnadatharascdd@gmail.com** | – | 1 വെൽഡർ<br>2 കാർപെന്റർ |
| 27 | വി. ആർ. പുരം,<br>വി.ആർ.പുരം. പി. ഒ.<br>ചാലക്കുടി, തൃശ്ശൂർ<br>0480 – 2700605<br>**www.itivrpuram.kerala.gov.in**<br>**itcvrpuram@gmail.com** | 1. ഡ്രാഫ്റ്റ്സ്മാൻസിവിൽ<br>2. ഇലക്ട്രീഷ്യൻ | പ്ലംബർ |

| | | | |
|---|---|---|---|
| 28 | ഹെർബർട്ട് നഗർ,<br>നെടുപുഴ. പി. ഒ.<br>തൃശ്ശൂർ<br>0487 – 2448155<br>**www.itiherbertnagar.kerala.gov.in**<br>**gitcherbertnagar@gmail.com** | ഇലക്ട്രോണിക് മെക്കാനിക് | |
| 29 | എരുമപ്പെട്ടി<br>എരുമപ്പെട്ടി. പി. ഒ.<br>വടക്കാഞ്ചേരി, തൃശ്ശൂർ<br>0488 – 5262777<br>**www.itierumappetty.kerala.gov.in**<br>**itierumapetty@gmail.com** | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | പ്ലംബർ |
| 30 | വരവൂർ<br>കുമരപ്പനൽ.പി.ഒ<br>വരവൂർ വഴി<br>തലപ്പിള്ളി,തൃശൂർ<br>04884 – 278218<br>**www.itivaravoor.kerala.gov.in**<br>**varavooriti@gmail.com** | മെക്കാനിക്ക് മോട്ടോർ വെക്കിഹിൾ | ഡ്രൈവർ കം മെക്കാനിക് (എൽ.എം.വി) |
| പാലക്കാട് ജില്ല | | | |
| 31 | പാലപ്പുറം<br>പാലപ്പുറം. പി. ഒ.<br>ഒറ്റപ്പാലം<br>0466 – 2247124<br>**www.itipalappuram.kerala.gov.in**<br>**itcppm@gmail.com** | - | കാർപെന്റർ |
| 32 | മംഗലം**<br>അഞ്ചുമൂർത്തി. പി. ഒ.<br>പാലക്കാട്<br>0492 – 2258545<br>**www.itimangalam.kerala.gov.in**<br>**itimangalam@gmail.com** | 1. ഡ്രാഫ്റ്റ്സ്മാൻ സിവിൽ<br>2. സർവ്വേയർ | പ്ലംബർ |
| 33 | ചിറ്റൂർ<br>ചിറ്റൂർ. പി. ഒ.<br>നെടുങ്ങോട്<br>0492 – 3221695<br>**www.itichittur.kerala.gov.in**<br>**gitichittur@gmail.com** | സർവ്വേയർ | |

| | | | |
|---|---|---|---|
| മലപ്പുറം ജില്ല | | | |
| 34 | കേരളാധീശ്വരപുരം<br>കേരളാധീശ്വരപുരം. പി. ഒ.<br>തിരൂർ, മലപ്പുറം.<br>0494 – 2581300<br>**www.itikpuram.kerala.gov.in**<br>**scdditckpuram@gmail.com** | – | പ്ലംബർ |
| 35 | പാതായ്ക്കര,<br>പാതായ്ക്കര. പി. ഒ.,<br>പെരിന്തൽമണ്ണ<br>0493 – 3226068<br>**www.itipathaikkara.kerala.gov.in**<br>**gscdditcpathaikkara@gmail.com** | – | പ്ലംബർ |
| 36 | പൊന്നാനി<br>പൊന്നാനി. പി. ഒ.<br>മലപ്പുറം<br>0494 – 2664170<br>**www.itiponnani.kerala.gov.in**<br>**itcscdd@gmail.com** | ഇലക്ട്രീഷ്യൻ | |
| 37 | പാണ്ടിക്കാട്<br>മലപ്പുറം<br>0483 – 2780895<br>**www.itipandikkad.kerala.gov.in**<br>**scddpandikkad@gmail.com** | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | |
| കോഴിക്കോട് ജില്ല | | | |
| 38 | കുറവങ്ങാട്<br>പെരുവട്ടൂർ. പി. ഒ.<br>കൊയിലാണ്ടി<br>0496 – 2621160<br>**www.itikuruvangad.kerala.gov.in**<br>**govtitckuruvangad@gmail.com** | സർവ്വേയർ | പ്ലംബർ |
| 39 | എലത്തൂർ<br>എലത്തൂർ. പി. ഒ.<br>കോഴിക്കോട്<br>0495 – 2461898<br>**www.itielathur.kerala.gov.in**<br>**itcelathur@gmail.com** | 1. മെക്കാനിക്ക് മോട്ടോർ വെഹിക്കിൾ<br>2. ഡ്രാഫ്റ്റ്സ്മാൻ സിവിൽ | ഡ്രൈവർ കം മെക്കാനിക് (എൽ.എം.വി), കാർപെന്റർ, വെൽഡർ |

| | | | |
|---|---|---|---|
| 40 | തൂണേരി<br>കോടഞ്ചേരി.പി.ഒ<br>കോഴിക്കോട് ജില്ല<br>0496 – 2551301<br>**www.itithuneri.kerala.gov.in**<br>**itcscddthuneri@gmail.com** | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | |
| കണ്ണൂർ ജില്ല | | | |
| 41 | മാടായി,<br>വെങ്ങര. പി. ഒ.<br>കണ്ണൂർ<br>0497-**2877300**<br>**www.itimadayi.kerala.gov.in**<br>**scdditcmadayi@gmail.com** | പെയിന്റർ (ജനറൽ) | പ്ലംബർ |
| കാസർഗോഡ് ജില്ല | | | |
| 42 | ചെറുവത്തൂർ,<br>ചെറുവത്തൂർ. പി. ഒ.<br>കാസർഗോഡ്<br>0467 – 2261425<br>**www.iticheruvathur.kerala.gov.in**<br>**scdditccheruvathur@gmail.com** | – | പ്ലംബർ |
| 43 | നീലേശ്വരം<br>നീലേശ്വരം. പി. ഒ.,<br>കാസർഗോഡ്<br>0467 – 2284004<br>**www.itineeleswaram.kerala.gov.in**<br>**itcscddnileshwar@gmail.com** | ഡ്രാഫ്റ്റ്സ്മാൻ സിവിൽ | – |
| 44 | ബേള<br>ബേള. പി. ഒ.,<br>കാസർഗോഡ്<br>04998 – 284140<br>**www.itibela.kerala.gov.in**<br>**itiscddbela@gmail.com** | – | വെൽഡർ |

(*നിലവിലുള്ള എൻ.സി.വി.റ്റി അഫിലിയേഷൻ പ്രകാരം 2020 ആഗസ്റ്റിൽ ആരംഭിക്കുന്ന കോഴ്സുകൾക്കുള്ള എൻ.സി.വി.റ്റിഅഫിലിയേഷൻ DGT യുടെ നിബന്ധനകൾക്കും അംഗീകാരത്തിനും വിധേയമായിരിക്കും.)

(ഒപ്പ്)
ഡയറക്ടർ,
*പട്ടികജാതി വികസന വകുപ്പ്.*